ധനസഹായത്തിനുള്ള അപേക്ഷകൾ ജില്ലാ ഓഫീസുകളിലും ബ്ലോക്ക്/ നഗരസഭ പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്. ബ്ലോക്ക്/നഗരസഭ ഓഫീസർമാർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ജില്ലാ ഓഫീസർമാർക്കും ജില്ലാ ഓഫീസർ വകപ്പ് ഡയറക്ടർക്കും അയച്ചുവരുന്നു. 5000 രൂപ വരെ ജില്ലാ ഓഫീസറും 10000 രൂപ വരെ വകപ്പ് ഡയറക്ടറും 10000 രൂപയ്ക്ക് മുകളിൽ വരുന്ന തുക സർക്കാരും അനുവദിക്കുന്നു. അപേക്ഷകർ ജില്ലാ ഓഫീസുകളിലെത്തി തുക കൈപ്പറ്റുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും തുക വിതരണത്തിൽ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കുന്നതിനുമായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പേരിൽ TSB അക്കൗണ്ട് ആരംഭിച്ച് ധനസഹായ വിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.

317(2786) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.യിൽ നിലവിൽ രണ്ട് കോഴ്സുകൾ മാത്രമാണ് ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ) കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ഐ.ടി.ഐ.-കളുടെ നവീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിജ്ഞാൻവാടികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ എല്ലാ പട്ടികജാതി സങ്കേതങ്ങളിലും വിജ്ഞാൻവാടികൾ ആരംഭിക്കുന്നത് സംബന്ധിച്ച് 11-1-12-ലെ സ.ഉ.(എംഎസ്.) നമ്പർ 07/12/പജപവവിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) ആയതിന്റെ ഭാഗമായി 1000 വിജ്ഞാൻവാടികൾ തുടങ്ങുന്നതിന് 500 ച.അടി വിസ്തീർണ്ണമുള്ള 1000 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും 50 കോടി രൂപ അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുകയുണ്ടായി. സ്ഥലത്തിന്റെ ദൗർലഭ്യം കാരണം നിലവിൽ 108 കെട്ടിടങ്ങൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. പൂർത്തിയായ കെട്ടിടങ്ങളിൽ കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും ലൈബ്രറി, റീഡിംഗ് റൂം എന്നിവയുമായി 1.50 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിലെ ക്ഷേമ വികസന പദ്ധതികൾ

318(2787) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ വികസന പദ്ധതികൾ എന്തെല്ലാം;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നഴ്സറി തലം മുതൽ പി.എച്ച്.ഡി. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കു വരെ വകുപ്പുതലത്തിൽ വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നു. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നു. നഴ്സറി സ്കൂളുകളിൽ ഫീഡിംഗ് ചാർജ്, യൂണിഫോം ചാർജ്, ലംപ്സം ഗ്രാന്റ് എന്നിവ നൽകിവരുന്നു. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly